## മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഗവണ്മെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ്, എളങ്കുന്നപ്പുഴ, എറണാകുളം - 2017-18 അദ്ധ്യയന വർഷം മുതൽ താത്ക്കാലിക അഫിലിയേഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ1 വിഭാഗം

നം.5014/എ1/2017/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 16.08.2017

---

പരാമർശം : 1. സർക്കാർ ഉത്തരവ് (എം.എസ്.) നം.248/2016/ഉ.വി.വ തീയതി 07.12.2016.
2. സർക്കാർ ഉത്തരവ് (എം.എസ്.) നം.192/17/ഉ.വി.വ തീയതി 13.07.2017.
3. എറണാകുളം ജില്ല, വൈപ്പിനിൽ തുടങ്ങുന്ന പുതിയ ഗവണ്മെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ അഫിലിയേഷനു വേണ്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച അപേക്ഷ.
4. സർവ്വകലാശാലാ ഉത്തരവ് നം.3263/എ1/2017/അക്കാദമിക് തീയതി 31.05.2017.
5. 11.08.2017-ൽ കൂടിയ സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ ഇനം നം.ഒ.എ. 2/17 10 പ്രകാരമുള്ള തീരുമാനം.

### ഉത്തരവ്

2017-18 അദ്ധ്യയന വർഷം, എറണാകുളം ജില്ലയിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ എളങ്കുന്നപ്പുഴയിൽ ഒരു ഗവണ്മെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് താഴെപ്പറയുന്ന കോഴ്സുകളോടുകൂടി ആരംഭിക്കുന്നതിന്, മേൽ പരാമർശം (1), (2) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

| ക്രമ നം. | കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ബി.കോം. ഫിനാൻസ് & ടാക്സേഷൻ | 40 |
| 2 | ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് | 30 |
| 3 | ബി.എസ്.സി. മാത്തമാറ്റിക്സ് | 30 |

തദനുസരണം, എറണാകുളം ജില്ല, വൈപ്പിൻ, എളങ്കുന്നപ്പുഴയിൽ 2017-18 അദ്ധ്യയന വർഷം, പുതിയ ഗവണ്മെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങുന്നതിന്, ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം, നിർദ്ദിഷ്ട ഫീസ് സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. സർവ്വകലാശാല, ടി അപേക്ഷ പരിഗണിക്കുകയും, പരാമർശം (4) പ്രകാരം, കോളേജ് തുടങ്ങുന്നതിന് ആവശ്യമുള്ള പഠന ഭൗതിക സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി പരിശോധനാ സമിതിയെ നിയോഗിക്കുകയും ടി സമിതി താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

''ടി കോളേജിനായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലവും ഇതര പശ്ചാത്തല സൗകര്യങ്ങളും പരിശോധിക്കുകയും സ്ഥലം 286.600 സെന്റും മറ്റൊരു 3.5 സെന്റ് ഭൂമിയും ഉണ്ട് എന്നും ബോധ്യപ്പെട്ടു. താല്ക്കാലികമായി കോളേജ് ആരംഭിക്കാൻ സ്കൂൾ കെട്ടിടം ഉണ്ട്. സർവ്വകലാശാലാ നിയമങ്ങൾ അനുസരിച്ചുള്ള സ്ഥലവും ഇതര സൗകര്യങ്ങളും അടുത്ത അഫിലിയേഷൻ പുതുക്കലിന് മുമ്പ് ക്രമപ്പെടുത്തേണ്ടതാണ് എന്ന നിബന്ധനയാൽ ഒരു undertaking എഴുതി വാങ്ങി ബി.കോം. ഫിനാൻസ് & ടാക്സേഷൻ ( 40 കുട്ടികൾ), ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (30 കുട്ടികൾ), ബി.എസ്.സി. മാത്തമാറ്റിക്സ് (30 കുട്ടികൾ) അനുവദിക്കുവാൻ ശുപാർശ ചെയ്യുന്നു''.

ഈ പരിശോധനാ സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാല സിൻഡിക്കേറ്റ് പരിഗണിക്കുകയും പരാമർശം (5) പ്രകാരം, താഴെ പറയുന്ന തീരുമാനം എടുക്കുകയും ചെയ്തു.

''വൈപ്പിൻ നിയോജക മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ആർട്ട്സ് ആന്റ് സയൻസ് കോളേജ് 2017-18 അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും ബി.കോം. ഫിനാൻസ് & ടാക്സേഷൻ ( 40 സീറ്റ്), ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (30 സീറ്റ്), ബി.എസ്.സി. മാത്തമാറ്റിക്സ് (30 സീറ്റ്) എന്നീ കോഴ്സുകൾക്ക് 2017-18 അദ്ധ്യയന വർഷം മുതൽ അഫിലിയേഷൻ നൽകുന്നതിനും തീരുമാനിച്ചു. ആഗസ്റ്റ് 19-നു മുൻപായി പ്രവേശന പ്രക്രിയകൾ പുർത്തിയാക്കുന്നതിനും തീരുമാനിച്ചു.''

മേൽ സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഗവണ്മെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ്, എളങ്കുന്നപ്പുഴയ്ക്ക് 2017-18 അദ്ധ്യയന വർഷം മുതൽ താഴെപ്പറയുന്ന പ്രോഗ്രാമുകളോടുകൂടി താല്ക്കാലിക അഫിലിയേഷൻ നൽകി ഉത്തരവാകുന്നു.

| ക്രമ നം. | കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ബി.കോം. ഫിനാൻസ് & ടാക്സേഷൻ (മോഡൽ 1) | 40 |
| 2 | ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (മോഡൽ 3) | 30 |
| 3 | ബി.എസ്.സി. മാത്തമാറ്റിക്സ് (മോഡൽ 1) | 30 |

ടി പ്രോഗ്രാമുകളിലേയ്ക്കുള്ള 2017-18 അദ്ധ്യയന വർഷത്തെ പ്രവേശന നടപടികൾ 2017 ആഗസ്റ്റ് 19-നു മുൻപായി പൂർത്തീകരിക്കേണ്ടതാണ്.

മുകളിൽ അനുവദിച്ച താല്ക്കാലിക അഫിലിയേഷനും കോഴ്സിലേയ്ക്കുള്ള പ്രവേശനവും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

1. സർവ്വകലാശാല നിയമങ്ങൾ അനുസരിച്ചുള്ള സ്ഥലവും ഇതര സൗകര്യങ്ങളും ഒരു വർഷത്തിനുള്ളിൽ ക്രമപ്പെടുത്തുമെന്നുള്ള ഒരു സമ്മത പത്രം സമർപ്പിക്കേണ്ടതാണ്.
2. സർവ്വകലാശാലാ ആക്ട് 1985, സ്റ്റാറ്റ്യൂട്ട് 1997 എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് താല്ക്കാലിക അഫിലിയേഷൻ നൽകിയിരിക്കുന്നത്.
3. സർക്കാർ/സർവ്വകലാശാലാ നിഷ്കർഷിച്ചിരിയ്ക്കുന്ന മെറിറ്റ്/സംവരണ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ടി കോഴ്സിലേയ്ക്കുള്ള പ്രവേശനം.
4. വിദ്യാർത്ഥികളിൽ നിന്നും കാലാകാലങ്ങളിൽ സർവ്വകലാശാലാ നിശ്ചയിക്കുന്ന നിരക്കിൽ ഫീസുകൾ ഈടാക്കി സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്
5. ടി കോഴ്സുകൾ നടത്തേണ്ടതു സർവ്വകലാശാല അംഗീകരിച്ച സ്കീമും സിലബസും പ്രകാരമായിരിക്കണം. ടി കോളേജിൻെറ പ്രിൻസിപ്പൽ, അനുവദിച്ച സീറ്റുകളിലേയ്ക്കു മാത്രമേ പ്രവേശനം നടത്താവൂ. വിദ്യാർത്ഥികളെ, സർവ്വകലാശാലാ നിയമ പ്രകാരം പരീക്ഷയ്ക്കു തയ്യാറാക്കുകയും അഫിലിയേഷൻ അനുവദിച്ച കോഴ്സിലേയ്ക്ക് തന്നെ പരീക്ഷയ്ക്ക് ഇരുത്തുകയും വേണം.
6. കോളേജ് അഫിലിയേഷൻ ഫീസിനത്തിൽ 1,00,000/- രൂപയും, കോഴ്സ് അഫിലിയേഷൻ ഫീസ് ഇനത്തിൽ കോഴ്സ് ഓരോന്നിനും 10,000/- രൂപ വീതവും അടയ്ക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കും സർവ്വകലാശാലാ നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കണം കോളേജ് നടത്തേണ്ടത്. അല്ലാത്ത പക്ഷം കോളേജിന്റെ അഫിലിയേഷൻ പിൻവലിക്കുന്നതായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് രാഘവൻ
ഡെപ്യൂട്ടി രജിസ്ട്രാർ I (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. സ്പെഷ്യൽ ഓഫീസർ, ഗവ.ആർട്ട്സ് ആന്റ് സയൻസ് കോളേജ്, എളങ്കുന്നപ്പുഴ, എറണാകുളം
1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, ഗവ.ആർട്ട്സ് ആന്റ് സയൻസ് കോളേജ്, എളങ്കുന്നപ്പുഴ, എറണാകുളം
2. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യുക്കേഷൻ, തിരുവനന്തപുരം
4. ഡെപ്യൂട്ടി ഡയറക്ടർ, കോളേജിയേറ്റ് എഡ്യുക്കേഷൻ, കോട്ടയം/എറണാകുളം
5. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
7. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷാ/അക്കാദമിക്/ഭരണം/ഫിനാൻസ്)
8. ഗവ.ഓഡിറ്റർ
9. എസി.എ 5/6/8/9/ഇലക്ഷൻ/എസി.ഡി/എസ്.സി. എസ്.ടി സെൽ
10. ഇ.എ/ഇ.ബി/സി.റ്റി. & ഡി സെക്ഷനുകൾ/മോണിറ്ററിംഗ് സെൽ
11. തപാൽ(പൊതു/പരീക്ഷാ)/ഡെസ്പാച്ച് (പൊതു/പരീക്ഷാ)/കോൺഫിഡൻഷിയൽ ഡെസ്പാച്ച്
12. പി.ആർ.ഒ/കൺടെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
13. എസി.സി.1/എസി.സി.2/എൻക്വയറി/ഇൻഫർമേഷൻ സെൻററുകൾ
14. ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷൻ
15. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/1/8351/2017/അക്കാദമിക്

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ